(സി) ഒഴിവുകൾ നികത്തുന്നതിന് നിലവിലുള്ള നിർദ്ദേശങ്ങൾ/വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

ഒൻപതാം പദ്ധതി പ്രവർത്തനംകൊണ്ട് സാക്ഷരരായവർ

152 [5135] ശ്രീ. സി. പി. മുഹമ്മദ്:
" എ. കെ. മണി:
" ടി. വി. ചന്ദ്രമോഹൻ:
" അടൂർ പ്രകാശ്:
" ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒൻപതാം പദ്ധതിയുടെ ആരംഭത്തിൽ എഴുത്തും വായനയും അറിയാത്ത എത്ര പേർ സംസ്ഥാനത്തുണ്ടായിരുന്നു;

(ബി) പ്രസ്തുത പദ്ധതിയുടെ ഒടുവിൽ അവരുടെ എണ്ണം എത്ര ആകാനാണ് ഉദ്ദേശിച്ചിരുന്നത്;

(സി) ഒൻപതാം പദ്ധതി പ്രവർത്തനംകൊണ്ട് ഇത്തരക്കാരുടെ എണ്ണം എത്രകണ്ട് കുറഞ്ഞു;

(ഡി) ഒൻപതാം പദ്ധതിയുടെ ലക്ഷ്യം ഇക്കാര്യത്തിൽ നേടുവാൻ കഴിഞ്ഞുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) ഇക്കാര്യത്തിൽ കൃത്യമായ കണക്ക് ലഭ്യമല്ല. 1998-ലാരംഭിച്ച തുടർ വിദ്യാഭ്യാസ പദ്ധതിയുടെ ലക്ഷ്യങ്ങളിലൊന്ന് മാത്രമാണ് അവശേഷിക്കുന്ന നിരക്ഷരരെക്കൂടി സാക്ഷരരാക്കുക എന്നത്.

(ബി) തുടർ വിദ്യാഭ്യാസ പദ്ധതിയിൽ തുടർ പഠനത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നതിനാൽ നിരക്ഷരതാ നിർമ്മാർജ്ജനത്തിനായി പ്രത്യേക ടാർജറ്റ് നിശ്ചയിച്ചിട്ടില്ല.

(സി) 1991-ൽ സമ്പൂർണ്ണ സാക്ഷരതാ പ്രഖ്യാപനം നടത്തുന്ന സമയത്ത് അവശേഷിച്ചിരുന്ന ഏകദേശം 10.61 ലക്ഷം നിരക്ഷരരിൽ ലഭ്യമായ കണക്കനുസരിച്ച് ഉദ്ദേശം രണ്ട് ലക്ഷം പേരെ കൂടി സാക്ഷരരാക്കാൻ തുടർ വിദ്യാഭ്യാസ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്.

(ഡി) തുടർവിദ്യാഭ്യാസ പദ്ധതിയിൽ നിരക്ഷരതാ നിർമ്മാർജ്ജനത്തിന് മാത്രമായി ഒരു പ്രത്യേക ടാർജറ്റ് നിശ്ചയിച്ചിട്ടില്ല. ഇത് തുടർവിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി മാത്രമാണ് നടന്നുവരുന്നത്.

ജനവിദ്യാ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ

153 [5136] ശ്രീ. പി. ജയരാജൻ :
" വി. കെ. ചന്ദ്രൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
" ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly